معدن الثقافة الإسلامية
Ma'dinu Ssaquafathil Islamiyya
Swalath Nagar, Malappuram 676514, Kerala, India Email: infomahdin@yahoo.com
Tel:0091 483 2738343
0091 483 2731145
0091 483 2737076
Fax: 0091 483 2732836
www.mahdinonline.org

Ref

Date:

**07/05/10**

# മഅ്ദിന്‍ മെട്രോമാര്‍ട്ടിന് ശിലയിട്ടു

മലപ്പുറം: മഅ്ദിനുസ്സഖാഫത്തില്‍ ഇസ്‌ലാമിയ്യയുടെ പുതിയ സംരംഭമായ വിവിധോദ്ദേശ്യ ഷോപ്പിംഗ് കം കള്‍ച്ചറല്‍ സെന്ററായ മെട്രോ മാര്‍ട്ടിന് ശിലയിട്ടു. മഞ്ചേരിയിലെ നിര്‍ദ്ദിഷ്ഠ ബസ്സ്റ്റാന്റിനു സമീപം മെട്രോ സ്‌ക്വയറില്‍ നടന്ന ചടങ്ങില്‍ സമസ്ത അധ്യക്ഷന്‍ താജുല്‍ ഉലമ സയ്യിദ് അബ്ദുര്‍റഹിമാന്‍ അല്‍ ബുഖാരിയാണ് തറക്കല്ലിടല്‍ കര്‍മ്മം നിര്‍വ്വഹിച്ചത്.

നാടിന്റെ വിവിധ ഭാഗങ്ങളില്‍ നിന്നെത്തിയ ആയിരക്കണക്കിനു പേര്‍ ചടങ്ങിനു സാക്ഷ്യം വഹിച്ചു. ഉള്ളാള്‍ തങ്ങള്‍ അടക്കമുള്ള നേതാക്കളെത്തുടര്‍ന്ന് പരിപാടിയല്‍ സംബന്ധിച്ച ഓരോരുത്തരും മെട്രോ മാര്‍ട്ടിന്റെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങളില്‍ പങ്കുചേര്‍ന്നത് പുതിയ അനുഭവമായി. പ്രത്യേകം തയ്യാറാക്കിയ കോണ്‍ഗ്രീറ്റ് മിശ്രിതം ചിരട്ടകളിലെടുത്ത് ഓരോരുത്തരും അടിത്തറയില്‍ നിക്ഷേപിച്ചു. മഅ്ദിന്‍ പ്രസ്ഥാനത്തിന്റെ ജനകീയാടിത്തറയുടെ പ്രതീകമായായിരുന്നു ഈ ചടങ്ങ്.

സയ്യിദ് അലി ബാഫഖി തങ്ങള്‍, സയ്യിദ് യൂസുഫുല്‍ ബുഖാരി, സയ്യിദ് ഇബ്രാഹീമുല്‍ ഖലീലുല്‍ ബുഖാരി, സയ്യിദ് ഹുസൈന്‍ ഇമ്പിച്ചിക്കോയ തങ്ങള്‍ പയ്യനാട്, സയ്യിദ് സൈനുല്‍ ആബിദീന്‍ ബാഫഖി തങ്ങള്‍, ഇ സുലൈമാന്‍ മുസ്‌ലിയാര്‍, നെല്ലിക്കുത്ത് ഇസ്മാഈല്‍ മുസ്‌ലിയാര്‍, അലിക്കുഞ്ഞി മുസ്‌ലിയാര്‍ ഷിറിയ, എം. ഐ ഷാനവാസ് എം. പി, കെ. കെ. അഹ്മദ് കുട്ടിമുസ്‌ലിയാര്‍ കട്ടിപ്പാറ, വി.പി. എം വില്ല്യാപ്പള്ളി, കൂറ്റമ്പാറ അബ്ദുറഹിമാന്‍ ദാരിമി തുടങ്ങിയവര്‍ സംബന്ധിച്ചു.

**അടിക്കുറിപ്പ്: മഞ്ചേരിയില്‍ നിര്‍മ്മിക്കുന്ന മഅ്ദിന്‍ മെട്രോ മാര്‍ട്ടിന് സമസ്ത അധ്യക്ഷന്‍ താജുല്‍ ഉലമ ഉള്ളാള്‍ തങ്ങള്‍ ശിലയിടുന്നു.**